Syro Malabar Commission for Liturgy

# നോമ്പ് ഒന്നാം ബുധൻ (മത്താ 18:1–10)



എങ്ങനെയും വലിയവരായി തീരാനുള്ള ആഗ്രഹം മനുഷ്യർക്ക് ഇന്നുള്ളതുപ്പോലെ തന്നെ ഈശോയുടെ കാലത്തും ഉണ്ടായിരുന്നു. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ശുശ്രൂഷകനായിരിക്കണം എന്നുപറഞ്ഞ ഈശോയുടെ അനുയായികളായ ശിഷ്യൻമാർപ്പോലും സ്വർഗരാജ്യത്തിലെ വലിയവൻ ആരെന്ന് അറിയാൻ ആഗ്രഹിക്കുന്നു. വലുതാകലിലെ ചെറുമയും ചെറുതാകലിലെ വലിമയും തമ്മിലുള്ള അന്തരം ഈശോമിശിഹാ കാണിച്ചുതരുന്നു. അധികാരത്തിന്റെയും കാർക്കശ്യത്തിന്റയും ഭാവത്തോടെ അപരന്റെ വ്യക്തിത്വത്തെ മാനിക്കാതെ നീതിബോധം മറന്നു പ്രവർത്തിക്കുകയും ചെയ്യുന്നവൻ, തന്റെ തന്നെ വലുതാകലിലൂടെ ചെറുതാകുന്നു. എല്ലാവരോടും സ്നേഹത്തോടും ആദരവോടും പരിഗണനയോടും കൂടി വർത്തിച്ച്, മറ്റുള്ളവരെ അവർ ആയിരിക്കുന്ന വിധം മനസ്സിലാക്കുകയും അംഗീകരിക്കുകയും നീതി വിട്ട് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവൻ, തന്റെ ചെറുതാകലിലൂടെ വലിയവനാകുന്നു. ഈ യാഥാർഥ്യം ശിഷ്യൻമാർക്ക് മനസ്സിലാക്കിക്കൊടുക്കാനാണ് ഒരു ശിശുവിനെ തന്റെ അരികിലേയ്ക്ക് ഈശോ ചേർത്തു നിറുത്തിയത്. ശിശുഭാവങ്ങളായ ആശ്രയബോധവും, നിഷ്കളങ്കതയും, എളിമയും ഉള്ള ഒരു ഹൃദയം സ്വായത്തമാക്കാൻ ഈ നോമ്പുകാലത്തു ഈശോ നമ്മെ ക്ഷണിക്കുന്നു. അതിനായി ദൈവാശ്രയബോധത്തോടെ നമ്മുടെ ഗുരുവും നാഥനുമായ ഈശോയുടെ പക്കലണയാം.

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്
02–023–2022

Read more: wwwsyromalabarliturgy.org